പണദൗർലഭ്യം മൂലമാണ് മറ്റു പണികളും ഏറ്റെടുത്ത് നടത്താൻ കാലതാമസം വരുന്നത്.

(സി) നീരേറ്റുപുറത്തെയും കിടങ്ങറയുമുള്ള പമ്പിംഗ് സ്റ്റേഷനുകൾക്ക് വേണ്ടുന്ന സ്ഥലം വിട്ടുകിട്ടുന്നതിനുവേണ്ട നടപടികളും കൈക്കൊണ്ടുകഴിഞ്ഞു.

(ഡി, ഇ) ആവശ്യമായ സ്ഥലം വിട്ടുകിട്ടുന്ന മാത്രയിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പണി ഏറ്റെടുക്കുന്നതും പണി ഏറ്റെടുത്തു കഴിഞ്ഞാൽ ഒരു കൊല്ലത്തിനുള്ളിൽ പൂർത്തിയാക്കാവുന്നതുമാണ്.

(എഫ്) 1971-ൽ ആരംഭിച്ചു.

(ജി) എടതാ, തലവടി, തകഴി, മുട്ടാർ, നീലംപേരൂർ, വെളിയനാട്, വിയപുരം, നെടുമുടി, കൈനകരി, ചമ്പക്കുളം എന്നീ പഞ്ചായത്തുകളിൽ ഈ പദ്ധതിയിലൂടെ ഭാഗികമായി ജലവിതരണം നടന്നു വരുന്നു. പദ്ധതിയുടെ മറ്റു പ്രദേശങ്ങളിലേക്കു കഴിയുന്നത്ര വേഗം ഇതിന്റെ പ്രയോജനം വ്യാപിക്കുന്നതാണ്. പ്രസ്തുത പദ്ധതി പൂർത്തിയാക്കുവാനായി നെതർലാൻഡ് ഗവൺമെന്റ് സഹായം തേടിയിട്ടുണ്ട്. അത് ലഭിച്ചാൽ പദ്ധതിയുടെ അവശേഷിക്കുന്ന പണികളുടെ പുരോഗതി ത്വരിതപ്പെടുത്താൻ സാധിക്കുന്നതാണ്.

## ഡിവിഷണൽ അക്കൗണ്ടന്റ് പ്രതിഫലം പറ്റിക്കൊണ്ട് വേറെ ജോലി നോക്കുന്നതായി പരാതി

276. [448] ശ്രീ. ടി. കെ. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മൈനർ ഇറിഗേഷൻ ഡിവിഷനിലെ ഡിവിഷണൽ അക്കൗണ്ടന്റ് ചില സ്വകാര്യ സ്ഥാപനങ്ങളിൽ പ്രതിഫലം പറ്റിക്കൊണ്ട് ജോലി നോക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന് പ്രത്യേക അനുമതി നൽകിയിട്ടുണ്ടോ ?

### ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

## വെള്ളയാങ്കല്ല് കോസ്വേയുടേയും ഒറപ്പാലം മായന്നൂർ കോസ് വേയുടേയും പണി

277. [449] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽപ്പെട്ട വെള്ളിയാങ്കല്ല് കോസ്വേയ്ക്കും ഒറപ്പാലം മായന്നൂർ കോസ്വേയ്ക്കും വർഷങ്ങളായി ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടുണ്ടെങ്കിലും പണി ആരംഭിക്കാതിരിക്കാനുള്ള കാരണമെന്താണ് ;

(ബി) ഏതു വർഷം മുതലാണ് ഇതിനുവേണ്ടി ബഡ്ജറ്റിൽ തുക വകകൊള്ളിച്ചു തുടങ്ങിയത് ;

(സി) ഈ സാമ്പത്തിക വർഷത്തിൽ എത്ര രൂപയാണ് ഇതിനുവേണ്ടി വക കൊള്ളിച്ചിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഒറ്റപ്പാലം-മായന്നൂർ കോസ് വേയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ട്. ഡിസൈൻ പൂർത്തിയായ ശേഷം പണത്തിന്റെ ലഭ്യതയനുസരിച്ച് പണി ആരംഭിക്കുന്നതാണ്. വെള്ളിയാങ്കല്ല് കോസ്വേ തൽക്കാലം പരിഗണനയിലില്ല.

(ബി) മായന്നൂർ-ഒറ്റപ്പാലം കോസ്വേയ്ക്ക് വേണ്ടി 1982-83 സാമ്പത്തികവർഷം മുതലാണ് ബഡ്ജറ്റിൽ തുക വകകൊള്ളിച്ചുതുടങ്ങിയത്.

(സി) 1985-86 സാമ്പത്തികവർഷത്തിൽ നാമമാത്രമായ 100 രൂപയാണ് ഇതിനുവേണ്ടി ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത്.

കുരിയാർകുറ്റി-കാരപ്പാറ പദ്ധതിയുടെ കേന്ദ്രാനുമതിക്കു വേണ്ടി സംസ്ഥാനം കൈക്കൊണ്ട നടപടി

278. [450] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കുരിയാർകുറ്റി-കാരപ്പാറ പദ്ധതിയുടെ കേന്ദ്രാനുമതി കിട്ടാൻ സംസ്ഥാനം കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ് ;
(ബി) ഈ പദ്ധതിയുടെ നേട്ടങ്ങൾ എന്തെല്ലാം ;
(സി) ഇതിനു ചെലവ് വരുന്ന സംഖ്യ എത്രയായിരിക്കും ;
(ഡി) ഇതിനു പ്രതീക്ഷിക്കുന്ന കേന്ദ്ര സഹായം എത്ര ?

ഉത്തരം

(എ) കുരിയാർകുറ്റി-കാരപ്പാറ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് 1978-ൽ കേന്ദ്രാനുമതിക്കായി അയച്ചുകൊടുത്തു. 3-5-1983-ൽ കേന്ദ്രപരിസ്ഥിതി വകുപ്പു പരിസ്ഥിതിപരമായ കാരണങ്ങളാൽ ഈ പദ്ധതിക്ക് അനുമതി നിഷേധിച്ചു. തുടർന്നു പരിസ്ഥിതി വകുപ്പു ഉന്നയിച്ച തടസ്ഥവാദങ്ങൾ പരിശോധിച്ച് ഭാവിപരിപാടികൾ തീരുമാനിക്കുവാൻ ഒരു വിദഗ്ദ്ധ സമിതിയെ നിയമിച്ചു. ഈ സമിതിയുടെ റിപ്പോർട്ട് 17-2-1986-ൽ ജലസേചന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം പരിഗണിക്കുകയും 1978-ൽ കേന്ദ്രഗവൺമെന്റിനു സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ടനുസരിച്ചുള്ള പദ്ധതിക്കു അനുമതി നേടാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണമെന്നു തീരുമാനിക്കുകയും ചെയ്തു. കൂടാതെ റിസർവോയർ ഏരിയ കുറച്ച് ഒരു ബദൽ പദ്ധതി കേന്ദ്രാനുമതിക്ക് സമർപ്പിക്കുവാനും തീരുമാനിച്ചു. വൈദ്യുതിവകുപ്പും ജലസേചനവകുപ്പും ഈ കാര്യത്തിൽ വേണ്ട നടപടികൾ എടുക്കുന്നുണ്ട്.

(ബി) ഇതു ഒരു വിവിധോദ്ദേശപദ്ധതിയാണ്. 210 മില്യൻ യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനും 12376 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തുവാനും ഈ പദ്ധതികൊണ്ട് സാധിക്കും.

(സി) വൈദ്യുതി ഭാഗത്തിന് 60 കോടി രൂപയും ജലസേചന ഭാഗത്തിനു 92 കോടി രൂപയും ആകെ 152 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്നു.

(ഡി) ഇപ്പോൾ പറയുക അസാദ്ധ്യമാണ്.



LIBRARY ARCHIVES Kerala Legislative Assembly